# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2957**

**22.02.2016 - ൽ**
**മറുപടിക്ക്**

## നീര ഉല്പാദനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്ന തിനായി ഈ സർക്കാർസ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനു മായി ഒരു പൈലറ്റ് പ്രോജക്റ്റ് 2013-14 ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് 2014-15 ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി യിട്ടുണ്ട്. നീര പൈലറ്റ് പ്രോജക്റ്റിന്റെ ചിലവിനായി 130 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകി. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകികൊണ്ട് ചിലവുകൾക്കായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു. പൈലറ്റ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി നീര ഉല്പാദനവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികളും കേരള കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്.<br><br>നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപി പ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനും, എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസ റുമായി നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 22/06/15-ലെ സ.ഉ.(എം.എസ്.)നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. അതു പ്രകാരം നാളികേര നീര ബോർഡിന്റെ മുഖ്യചുമതല നീര മാർക്കറ്റിംഗ് പ്രമോട്ട് ചെയ്യുക എന്നതാണ്.<br><br>സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് &മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി / സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് എന്നിവയ്ക്ക് അനുമതി നല്കി ഉത്തരവായിട്ടുണ്ട്.<br><br>നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനി എന്നിവയ്ക്ക് നീര ഉത്പാദക യൂണിറ്റ് സ്ഥാപിച്ചതിന് 50 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | നീര ഉല്പന്നങ്ങളുടെ കാര്യത്തിൽ ഉപഭോക്താക്കളുടെ പ്രതികരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) | ഉപഭോക്താക്കളിൽ നിന്നും നീരയ്ക്കും നീര ഉല്പന്നങ്ങൾക്കും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. നീര ഉത്പ്പന്നങ്ങളുടെ പ്രചരണാർത്ഥം സംഘടിപ്പിച്ച ജില്ലാതല സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവയ്ക്ക് ഉപഭോക്താക്കളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. |
| സി) | നീര ഉല്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ? | സി) | നീര ഉല്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലവിൽ തടസ്സങ്ങൾ ഇല്ല. |

**സെക്ഷൻ ഓഫീസർ**